# ഇബാദത്തും ജിഹാദും

## ജമാൽ കടന്നപ്പള്ളി

**ആദർശ** വിശ്വാസങ്ങളും അദൃശ്യ യാഥാർഥ്യങ്ങളും മനസ്സിലുറപ്പിക്കുന്നതോടൊപ്പം നമ്മുടെ ബാധ്യത ഇബാദത്തിന്റെ വൃത്തത്തിൽനിന്ന് നാം ഒരിക്കലും പുറത്തു കടക്കാതിരിക്കലാണ്. അഥവാ മനസ്സിലേക്കിറങ്ങിയ തൗഹീദ് ജീവിതം മുഴുവൻ ഗ്രസിച്ചുനിൽക്കണം. തൗഹീദിന്റെ വ്യാഖ്യാനമാണ് ഇബാദത്ത്. അനുസരണവും ആരാധനയും അടിമവൃത്തിയുമെല്ലാം അല്ലാഹുവിനു മാത്രമാക്കലാണ് ഇബാദത്തിന്റെ വിവക്ഷ. വിശുദ്ധ ഖുർആൻ പറഞ്ഞു: "ഞാൻ ജിന്നുവംശത്തെയും മനുഷ്യവംശത്തെയും സൃഷ്ടിച്ചിട്ടില്ല, അവർ എനിക്ക് ഇബാദത്ത് ചെയ്യാനല്ലാതെ" (*അദ്ദാരിയാത്ത്*: 56). അബ്ദിയ്യത്ത്, ഉബൂദിയ്യത്ത്, ഇബാദത്ത് എന്നീ അറബി ശബ്ദങ്ങളുടെ മൗലികമായ അർഥം കീഴ്വണക്കം, വിധേയത്വം എന്നിങ്ങനെയാണ്. അതായത് യാതൊരുവിധ അനുസരണക്കേടും വൈമുഖ്യവും എതിർപ്പുമില്ലാതെ ഒരാളെ അനുസരിക്കുകയും കീഴ്വണങ്ങുകയും ചെയ്യുക. ഈ മൗലികാർഥത്തിൽനിന്ന് ഇതേ ധാതുവിന് അടിമത്തം, പൂജ, ദാസ്യം, ബന്ധനം, തടസ്സം എന്നീ അർഥങ്ങളും ഉണ്ടായിത്തീർന്നു. അല്ലാഹു പറഞ്ഞു: "ആദം സന്തതികളേ, ഞാൻ നിങ്ങളോട് ഉപദേശിച്ചിരുന്നില്ലേ, പിശാചിന് ഇബാദത്ത് ചെയ്യരുത്. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണെന്ന്"? (*യാസീൻ:* 60). പിശാചിന് ഇബാദത്ത് ചെയ്യരുതെന്ന് പറഞ്ഞതിന്റെ അർഥം അവനെ അനുസരിക്കരുതെന്നാണ്. തുടർന്നുള്ള ഖുർആൻ വചനം ഇക്കാര്യം കുറേക്കൂടി തെര്യപ്പെടുത്തുന്നു: "നിങ്ങൾ എനിക്ക് മാത്രം ഇബാദത്ത് ചെയ്യുക. അതാണ് ഋജുവായ വഴി." (*യാസീൻ*: 61). അപ്പോൾ ഇബാദത്തിന്റെ അന്തർധാര അനുസരണമാകുന്നു.

ഇബാദത്തിന്റെ മാത്രമല്ല ഇസ്‌ലാം എന്ന പദത്തിന്റെയും അകക്കാമ്പ് അനുസരണം, കീഴ്വണക്കം, സമ്പൂർണ സമർപ്പണം എന്നൊക്കെയാണല്ലോ. ഇബ്റാഹീം നബി(അ)യെ പറ്റി ഖുർആൻ പറഞ്ഞു: "അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹത്തോട് 'നീ മുസ്‌ലിമാവുക' എന്നാജ്ഞാപിച്ചപ്പോൾ ഉടനെ അദ്ദേഹം ബോധിപ്പിച്ചു: ഞാൻ പ്രപഞ്ചനാഥന് മുസ്‌ലിമായിരിക്കുന്നു" (*അൽ ബഖറ*: 131). ദീൻ എന്ന സംജ്ഞയുടെ മൗലികാർഥത്തിൽ പ്രധാനപ്പെട്ടതും അനുസരണവും ദാസ്യവുമാണ്. ഖുർആൻ പറഞ്ഞു: "ദീൻ അല്ലാഹുവിനു മാത്രമാക്കിക്കൊണ്ട് നിഷ്കളങ്കരായി അവന് ഇബാദത്ത് ചെയ്യാനല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല" (*അൽ ബയ്യിന*: 5). "അവനാകുന്നു ജീവത്തായവൻ. അവനല്ലാതെ ദൈവമില്ല. നിങ്ങൾ ദീൻ അവനു മാത്രമാക്കിക്കൊണ്ട് അവനോട് പ്രാർഥിക്കുവിൻ. സകലസ്തുതിയും സർവലോകനാഥനായ അല്ലാഹുവിനു മാത്രം" (*അൽ ഗാഫിർ*: 65).

ഇബാദത്തിന്റെ സീമകൾ ഇസ്‌ലാമിനോളം തന്നെ വിശാലമാണ്. അഥവാ ചിന്തയും വാക്കും കർമവും ഉൾപ്പെടെ അല്ലാഹു ഇഷ്ടപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ മുഴുവൻ കാര്യങ്ങളും ഇബാദത്താകുന്നു. നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, സത്യം പറയൽ, വിശ്വസ്തത പാലിക്കൽ, സൽസ്വഭാവം, മാതാപിതാക്കൾക്ക് നന്മ ചെയ്യൽ, ചാർച്ചയെ ചേർക്കൽ, അനാഥർക്കും അഗതികൾക്കും പുണ്യം ചെയ്യൽ, നിഷിദ്ധങ്ങളിൽനിന്നും സംശയാസ്പദങ്ങളിൽനിന്നും വിട്ടുനിൽക്കൽ, നല്ലസംസാരം, ഗുണപരമായ മൗനം, ദിക്ർ, ഖുർആൻ പഠനം, വായന, പക്ഷിമൃഗാദികളോട് കരുണ കാട്ടൽ, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, പരിസ്ഥിതി സംരക്ഷണം, തീറ്റ, കുടി, നടത്തം, ഇരുത്തം..... ഒക്കെയും ഇബാദത്തുകളാകുന്നു.

നബി(സ) അരുൾ ചെയ്യുന്നു: "സൂര്യനുദിക്കുന്ന ഓരോ ദിവസവും മനുഷ്യന്റെ ഓരോ അവയവത്തിനും ധർമമുണ്ട്. രണ്ടാളുകൾക്കിടയിൽ നീതി നടപ്പാക്കുന്നത് ധർമമാണ്. ഒരു മനുഷ്യനെ വാഹനത്തിലേറ്റാൻ സഹായിക്കുന്നത് ധർമമാണ്. അവനെയോ അവന്റെ ചരക്കോ വാഹനത്തിലേറ്റുന്നത് ധർമമാണ്. നല്ല വാക്ക് ധർമമാണ്. നമസ്കാരത്തിലേക്കുള്ള ഓരോ ചവിട്ടടിയും ധർമമാണ്. വഴിയിൽനിന്നും ഉപദ്രവം നീക്കുന്നതും ധർമമാണ്" (*ബുഖാരി, മുസ്‌ലിം*). ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: "തിരുമേനി(സ) പറഞ്ഞു: മനുഷ്യന്റെ എല്ലാ ഓരോ മറുകിനും എല്ലാദിവസവും 'നമസ്കാര'മുണ്ട്.... നീ നന്മകൽപിക്കുന്നതും തിന്മ തടയുന്നതും 'നമസ്കാര'മാണ്. ദുർബലന്റെ ഭാരം പേറുന്നതും 'നമസ്കാര'മാണ്. വഴിയിൽനിന്ന് മാലിന്യങ്ങൾ നീക്കുന്നതും 'നമസ്കാര'മാണ്. നമസ്കാരത്തിലേക്ക് നീ വെക്കുന്ന ഓരോ കാലടിയും 'നമസ്കാര'മാണ്." (*ഇബ്നു ഖുസൈമ - സ്വഹീഹ്*).

ഖുർആനും സുന്നത്തും തൗഹീദിനെ പൊതുവെ നിരീക്ഷിക്കുന്നത് സൽസ്വഭാവത്തിന്റെ കണ്ണാടിയിലൂടെയാണ്. അല്ലാഹു പറയുന്നു: ''നന്മയും തിന്മയും തീരെ തുല്യമല്ല. തിന്മയെ ഏറ്റവും ഉത്കൃഷ്ടമായ നന്മകൊണ്ട് നേരിടുക. എങ്കിൽ നീയുമായി കൊടിയ ശത്രുതയിലുള്ളവരും ഉറ്റമിത്രങ്ങളാവും" (*ഫുസ്സിലത്ത്*: 34). "ക്ഷേമത്തിലും ക്ഷാമത്തിലും ചെലവഴിക്കുകയും കോപം വിഴുങ്ങുകയും ആളുകളോട് വിട്ടുവീഴ്ച ചെയ്യുന്നവരുമാണ് സൽക്കർമികൾ. അവരെ അല്ലാഹു ഇഷ്ടപ്പെടുന്നു'' (*ആലുഇംറാൻ*: 134). നബി(സ) അരുൾ ചെയ്യുന്നു: "വിശ്വാസികളിൽ പൂർണൻ അവരിലുള്ള സൽസ്വഭാവിയാണ്. നിങ്ങളിലുത്തമന്മാർ തങ്ങളുടെ സ്ത്രീകളോട് നന്മയിൽ വർത്തിക്കുന്നവരാണ്" (തിർമിദി). "അന്ത്യനാളിൽ സത്യവിശ്വാസിയായ അടിമയുടെ തുലാസിൽ സൽസ്വഭാ

വത്തെ പോലെ കനം തൂങ്ങുന്ന മറ്റൊന്നില്ല. പുലഭ്യം പറയുന്ന ദുർവൃത്തനെ അല്ലാഹു വെറുക്കുന്നു" (തിർമിദി). "വിശ്വാസി തന്റെ സ്വഭാവനന്മകൊണ്ട് (പകലെല്ലാം) നോമ്പനുഷ്ഠിക്കുകയും (രാത്രി മുഴുവൻ) നമസ്കരിക്കുകയും ചെയ്യുന്നവന്റെ പദവി കരസ്ഥമാക്കുന്നു" (അബൂദാവൂദ്). അബൂഹുറയ്റ(റ) ഉദ്ധരിക്കുന്നു: "അല്ലാഹുവിന്റെ പ്രവാചകൻ മനുഷ്യരെ അധികമായി സ്വർഗത്തിൽ കടത്തുന്നതെന്താണെന്ന് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പ്രതിവചിച്ചു: അല്ലാഹുവിനോടുള്ള തഖ്വയും സൽസ്വഭാവവും. ജനങ്ങളെ അധികമായി നരകത്തിൽ കടത്തുന്നതെന്താണെന്ന് ചോദിച്ചപ്പോൾ അവിടുന്ന് ഉത്തരം പറഞ്ഞു: വായ, ഗുഹ്യസ്ഥാനം." ചുരുക്കത്തിൽ വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം, സമ്പത്ത്, നാഗരികത തുടങ്ങി ജീവിതത്തിന്റെ നിഖില മേഖലകളിലും അല്ലാഹുവെയും റസൂലിനെയും അനുസരിച്ചു ജീവിക്കുമ്പോൾ നമ്മുടെ ജീവിതം മുഴുവൻ ഇബാദത്തായി മാറുന്നു. തൗഹീദീവൃക്ഷം നമ്മിൽ പടർന്നു പന്തലിക്കുകയും കായ്ഫലങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

### ജിഹാദ്

തൗഹീദ് (ഏകദൈവത്വം) നമ്മുടെ വ്യക്തിജീവിതത്തിന്റെ സമസ്ത മേഖലകളിലുമെന്നപോലെത്തന്നെ നമ്മുടെ സമൂഹത്തിലും രാഷ്ട്രത്തിലുംകൂടി സ്ഥാപിക്കപ്പെടേണ്ടതുണ്ട്. എന്നല്ല, ലോകം മുഴുവൻ തൗഹീദ് സംസ്ഥാപിക്കപ്പെട്ടാലേ പൂർണമായ അർഥത്തിലുള്ള മനുഷ്യവിമോചനം സാധ്യമാവുകയുള്ളൂ. മനുഷ്യന് ശാന്തിയും സമാധാനവും നൽകാൻ മറ്റൊരു വ്യവസ്ഥിതിക്കും സാധ്യമല്ല. ഇതിന് സംഘടിതമായി പണിയെടുക്കണം. ഈ ജോലിക്കുള്ള പേരത്രെ ജിഹാദ്, അഥവാ സമാധാനപൂർണമായ ആശയ പ്രചാരണം. ഈ ജിഹാദാവട്ടെ തൗഹീദീ വാക്യത്തിന്റെ തന്നെ അവിഭാജ്യഘടകമാണ്. വിശുദ്ധ ഖുർആൻ കാണുക: "യഥാർഥ വിശ്വാസികളോ, അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീടതിൽ അശേഷം സംശയിക്കാതിരിക്കുകയും സ്വന്തം ജീവധനാദികളാൽ ദൈവിക സരണിയിൽ ജിഹാദ് ചെയ്യുകയും ചെയ്തവരത്രെ. അവരാകുന്നു സത്യവാന്മാർ" (*അൽ ഹുജുറാത്ത്:* 15). ഖേദകരമെന്നു പറയട്ടെ മുസ്ലിം സമൂഹം ഇന്ന് പൊതുവെ 'ജിഹാദ്' ചെയ്യുന്നുണ്ടെങ്കിലും അതിനെ ഋജുവായി മനസ്സിലാക്കി തൗഹീദിന്റെ അവിഛിന്ന ഘടകമായി കണ്ട്, പരിപാവനമായ ഒരു ദൗത്യമായി ജിഹാദ് നിർവഹിക്കുന്നില്ല. സമ്പത്തും സമയവും അതിനുവേണ്ടി അർപ്പിക്കുന്നില്ല. വിശുദ്ധ ഖുർആനിൽനിന്ന് തൗഹീദും ജിഹാദും നിർധാരണം ചെയ്തെടുക്കാത്ത കുഴപ്പമാണിത്. ജിഹാദിന് യുദ്ധമുൾപ്പെടെ സമഗ്രമായ ഒരർഥമുണ്ടെന്നത് ശരിയാണ്. എന്നാൽ അത്രയും ശരിയാണ് സന്ദർഭത്തിന്റെ തേട്ടം. മുസ്ലിംകൾ ന്യൂനപക്ഷവും ദുർബലവുമായ അവസ്ഥയിൽ മക്കയിലവതരിച്ച ജിഹാദീ സൂക്തം വാളുകൊണ്ടല്ല; ഖുർആൻകൊണ്ട് സമരം ചെയ്യാനായിരുന്നു! അതായത് വിശുദ്ധഖുർആന്റെ ആശയങ്ങൾ സമാധാനപരമായി പ്രചരിപ്പിക്കുക. മാത്രമല്ല സത്യത്തിലും നീതിയിലുമൂന്നിയ ഈ പ്രബോധന പ്രവർത്തനങ്ങളെ ഏറ്റവും വലിയ ജിഹാദ് -ജിഹാദുൻ കബീർ- എന്നുകൂടി ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നു! (*അൽ ഫുർഖാൻ*: 52). ബുദ്ധിയും ചിന്തയും ഉപയോഗിച്ച് സമാധാനപരമായി നടത്തേണ്ടുന്ന ഈ ധാർമിക വിപ്ലവത്തെ ഇനിയും നാം യഥാവിധി മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ നമ്മുടെ തൗഹീദിന് അനുഭവത്തിന്റെ ചൂടും ചൂരും ലഭിക്കുന്നില്ല. മഹാകവി ഇഖ്ബാൽ പരിതപിച്ചപോലെ ചരിത്രത്തിലെ ഏകാധിപതികളുടെ ഉറക്കം കെടുത്തിയ തൗഹീദ് ഇന്ന് പള്ളിമുക്രിയുടെ ചിലമ്പിച്ച ശബ്ദം മാത്രം! എന്നാൽ നബി(സ) അരുൾ ചെയ്തത്, 'നിങ്ങൾ ലാ ഇലാഹ ഇല്ലല്ലാഹ് എന്നുപറയുക. അറബികളും അനറബികളും നിങ്ങൾക്കധീനപ്പെടും' എന്നത്രെ. മക്കയിൽ മർദന പീഡനങ്ങളേറ്റ് പിടയുന്ന അനുചരന്മാരോട് പ്രവാചകൻ പറഞ്ഞത് 'സ്വൻആ മുതൽ ഹദ്റമൗത്ത്' വരെ പിറക്കാനിരിക്കുന്ന സാമൂഹിക നീതിയുടെയും രാഷ്ട്ര സംസ്ഥാപനത്തിന്റെയും പുതിയ പൂക്കാലത്തെക്കുറിച്ചാണ്. മദ്ലജ് ഗോത്രത്തിലെ ഒരു സാധാരണ അറബിയായ സുറാഖത്തുബ്നു മാലികിന്റെ ശിരസ്സിൽ ലോകത്തെ വിറപ്പിച്ച പേർഷ്യൻ ചക്രവർത്തിയുടെ കനകകിരീടവും കൈകളിൽ വളകളും അണിയിക്കപ്പെട്ടപ്പോൾ നബി(സ)യുടെ വാക്കുകൾ അന്തരീക്ഷത്തിൽ പ്രതിധ്വനിക്കുന്നുണ്ടായിരുന്നു; 'കിസ്റയുടെ രണ്ടു വളകൾ സുറാഖത്ത് അണിഞ്ഞാൽ എങ്ങനെയുണ്ടാവും?'

ജിഹാദ് ഇസ്ലാമിന്റെ സാമൂഹിക ഇടപെടലാണ്. പരമ്പരാഗത മതസങ്കൽപമനുസരിച്ച് ഇസ്ലാമിനെ മനസ്സിലാക്കുന്നവർക്ക് പക്ഷേ, ഈ ഇടപെടലിന്റെ ഇസ്ലാമികമായ മാനം മനസ്സിലാക്കാൻ പ്രയാസമാണ്. ഇസ്ലാമാവട്ടെ സങ്കുചിത മതസങ്കൽപത്തെ തിരുത്തിയ ജീവിത ദർശനമാണ്. അല്ലെങ്കിൽ മതാതീതമതമാണ്. ഉദാഹരണത്തിന് സകാത്തിന്റെ കാര്യമെടുക്കാം. ഇന്നത്തെ അർഥത്തിലുള്ള ഒരു പൂജയോ പ്രാർഥനയോ, അഥവാ 'ദിക്റോ' 'സ്വലാത്തോ' സകാത്ത് നൽകുമ്പോൾ വേണ്ടതില്ല. എന്നിട്ടും സകാത്ത് ഇസ്ലാമിന്റെ പഞ്ചമഹാസ്തംഭത്തിൽ രണ്ടാമത്തേതാണ്! ഇസ്ലാം കാഴ്ചവെക്കുന്ന വിപ്ലവകരമായ ഈ പരിവർത്തനോർജം വിശുദ്ധ ഖുർആനിലുടനീളം നാം കാണുന്നുണ്ട്. 'കള്ളത്താപ്പുകാർക്ക് മഹാനാശം' എന്നു തുടങ്ങുന്ന *സൂറ അൽ മുത്വഫ്ഫിഫീൻ* ഖുർആനിലുണ്ടെന്ന വസ്തുത നമ്മെ അത്ഭുതപ്പെടുത്തേണ്ടതല്ല; എന്നാൽ അത് അവതരിച്ചത് മക്കയിലാണെന്ന വസ്തുത നമ്മെ അമ്പരപ്പിക്കുകതന്നെ ചെയ്യും. ഇതു മാത്രമല്ല ധാർമിക കുറ്റങ്ങളിൽ ഏറ്റവും കടുത്ത വ്യഭിചാരം നിരോധിക്കപ്പെട്ടത് മക്കയിൽ വെച്ചായിരുന്നു. നോമ്പ്, ഹജ്ജ് പോലുള്ള പ്രത്യക്ഷ ആരാധനാ സ്തംഭങ്ങൾ നിയമമാകും മുമ്പുതന്നെ ഖുർആൻ ശിശുഹത്യ വിലക്കിയിരുന്നു! "ദാരിദ്ര്യം ഭയന്ന് നിങ്ങൾ സ്വസന്താനങ്ങളെ വധിക്കരുത്. അവർക്കും നിങ്ങൾക്കും ആഹാരം നൽകുന്നത് നാമാണ്. അവരെ വധിക്കുകയെന്നത് തീർച്ചയായും മഹാപാപമാകുന്നു" (*അൽ ഇസ്റാഅ്*: 31). ഏഷണി, പരദൂഷണം, ധൂർത്ത്, ദുർവ്യയം അഗതികളെയും അനാഥരെയും അവഗണിക്കൽ തുടങ്ങി ഒട്ടനവധി സജീവമായ സാമൂഹിക വിഷയങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുന്ന മക്കീ സൂറകൾ കാണാം. എന്നാൽ വിഗ്രഹപൂജകരായ ഖുറൈശികളുടെ ഹൃദയമസ്തിഷ്കങ്ങളിൽനിന്ന് വിശ്വാസ വൈകൃതങ്ങൾ നീക്കം ചെയ്യാനും ദൈവേകത്വം ഉറപ്പിക്കാനും വേണ്ടി മക്കീ സൂക്തങ്ങളിൽ ഖുർആൻ ഊന്നൽ നൽകിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. അതു പക്ഷേ, വെറും 'ദുആ'യിലൊതുങ്ങുന്ന തൗഹീദായിരുന്നില്ല. അല്ലാഹുവിനു മാത്രമേ അനുസരണവും ആരാധനയും അടിമവൃത്തിയും ചെയ്യാൻ പാടുള്ളൂ എന്ന സമഗ്ര തൗഹീദായിരുന്നു. ഖുർആൻ കാണുക: "നിങ്ങൾ പശ്ചിമ ദിക്കിലേക്കോ പൂർവ ദിക്കിലേക്കോ മുഖം തിരിക്കുകയെന്നതല്ല പുണ്യം. പിന്നെയോ, മനുഷ്യൻ അല്ലാഹുവിലും അന്ത്യനാളിലും മലക്കുകളിലും വേദത്തിലും ആത്മാർഥമായി വിശ്വസിക്കുകയും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ പേരിൽ തന്റെ പ്രിയപ്പെട്ട ധനം ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും യാത്രക്കാർക്കും സഹായമർഥിക്കുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനും ചെലവഴിക്കുകയും നമസ്കാരം നിലനിർത്തു

കയും സകാത്ത് നൽകുകയുമാകുന്നു പുണ്യം. കരാർ ചെയ്താൽ അത് പാലിക്കുകയും പ്രതിസന്ധികളിലും വിപത്തുകളിലും സത്യാസത്യസംഘട്ടനവേളകളിലും സഹനമവലംബിക്കുകയും ചെയ്യുന്നവരല്ലോ പുണ്യവാന്മാർ. അവരാകുന്നു സത്യസന്ധന്മാർ. അവർ തന്നയാകുന്നു ഭക്തന്മാരും" (*അൽ ബഖറ*: 177).

അപ്പോൾ നമുക്കു ചുറ്റുമുള്ള പച്ചയായ സാമൂഹിക യാഥാർഥ്യങ്ങളിൽ നാം ഇടപെടേണ്ടതുണ്ട്. അത് തൗഹീദും ജിഹാദുമാണെന്ന അവബോധത്തോടെ, തികഞ്ഞ സ്നേഹത്തോടെ വേണം ഇടപെടാൻ. ഖുർആനിലുടനീളം നിറഞ്ഞുനിൽക്കുകയാണ് ഇത്തരം മിഴിവുറ്റ ചിത്രങ്ങളെന്ന് നമ്മളറിയണം: "മദ്യൻവാസികളിലേക്ക് നാം അവരുടെ സഹോദരൻ ശുഐബിനെ നിയോഗിച്ചു. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിന് ഇബാദത്ത് ചെയ്യുവിൻ. നിങ്ങൾക്ക് അവനല്ലാതെ വേറെ ഇലാഹ് ഇല്ലതന്നെ. നിങ്ങളുടെ നാഥനിൽനിന്ന് നിങ്ങൾക്ക് സ്പഷ്ടമായ മാർഗദർശനം വന്നിരിക്കുന്നു. അതിനാൽ നിങ്ങൾ അളവിലും തൂക്കത്തിലും പൂർണത വരുത്തുക. ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ കമ്മിയാക്കാതിരിക്കുക. ഭൂമിയിൽ അതിന്റെ സംസ്കരണം നടന്നശേഷം നിങ്ങൾ നാശമുണ്ടാക്കാതിരിക്കുക" (*അൽ അഅ്റാഫ്:* 85). ഇവിടെ മനസ്സിലാക്കേണ്ട മൗലിക കാര്യം സമ്പത്തിന്റെ ഉടമാവകാശത്തെക്കുറിച്ചാണ്. സമ്പത്ത് അടിസ്ഥാനപരമായി അല്ലാഹുവിന്റേതാണ്. അത് എങ്ങനെ സമ്പാദിക്കണമെന്നും ചെലവഴിക്കണമെന്നും കൽപിക്കാനുള്ള പരമാധികാരം അല്ലാഹുവിനു മാത്രമാണ്. ഇതത്രെ സാമ്പത്തികരംഗത്തെ തൗഹീദ്. എന്നാൽ 'സമ്പത്ത് എന്റേതാണ്. അതിനാൽ എന്റെ ഇഷ്ടം പോലെ ഞാനത് കൈകാര്യം ചെയ്യും. അത് തീരുമാനിക്കാനുള്ള അധികാരം എനിക്കാണ്. ദൈവത്തിനും മതത്തിനുമൊന്നും അതിൽ പങ്കില്ല' എന്നു വിശ്വസിക്കുന്നതും വാദിക്കുന്നതും തൗഹീദിന് കടകവിരുദ്ധമാണ് (സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നാഗരിക മേഖലകളെ മുഴുവൻ ഈ മാനദണ്ഡം കൊണ്ടളക്കുക. അപ്പോൾ പ്രവാചകന്മാർ സാമൂഹിക വിഷയങ്ങളിൽ ഇടപെട്ടതിന്റെ പൊരുൾ പിടികിട്ടും).

ജിഹാദിന്റെ കർമമണ്ഡലം അതിവിപുലമാണെന്നു കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. സഹോദരസമുദായാംഗങ്ങളെ അല്ലാഹുവിങ്കലേക്ക് നേരിട്ടു വിളിക്കുക, മുസ്‌ലിം സമുദായത്തെ വിശ്വാസമാലിന്യങ്ങളിൽനിന്ന് മോചിപ്പിക്കുക എന്നിവ തീർച്ചയായും ജിഹാദ് തന്നെ. എന്നാൽ അവയിൽ പരിമിതമല്ല ജിഹാദ്. പ്രത്യുത മർദിതന്റെ കണ്ണീരൊപ്പുക, പാവപ്പെട്ടവനെ സഹായിക്കുക, പലിശ, മദ്യം, മയക്കുമരുന്ന്, അശ്ലീലത തുടങ്ങിയ തിന്മകൾക്കെതിരെ ശബ്ദമുയർത്തുക, കടബാധിതരെ മോചിപ്പിക്കുക, വിദ്യാഭ്യാസം സാർവത്രികമാക്കുക, ഭരണകൂടത്തിന്റെ അനീതികൾക്കെതിരെ ശബ്ദിക്കുക, അധഃസ്ഥിതർക്ക് വീടും കുടിവെള്ളവും വഴികളും നിർമിച്ചു നൽകുക, മനുഷ്യർക്കിടയിലെ ബന്ധങ്ങൾ നന്നാക്കുക, പരിസ്ഥിതി മലിനീകരണങ്ങൾക്കെതിരെ ഇടപെടുക, രോഗ-ദാരിദ്ര്യ നിർമാർജനങ്ങൾക്ക് യത്നിക്കുക, രോഗികളെയും അവശരെയും ശുശ്രൂഷിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുക. സാംസ്കാരിക-സാമ്പത്തികാധിനിവേശങ്ങളെ ചെറുക്കുക തുടങ്ങിയവയൊക്കെയും ജിഹാദിന്റെ പരിധിയിൽ വരും. ■